## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **4663** 28/6/2013 ൽ മറുപടിയ്ക്ക്

## പച്ചത്തേങ്ങയിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്<br>" പാലോട് രവി<br>" വി. പി. സജീന്ദ്രൻ<br>" എ. റ്റി. ജോർജ് | | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കേരഫെഡ് പച്ചത്തേങ്ങയിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സംസ്ഥാന സർക്കാർ കൃഷിഭവനുകളിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പച്ചനാളികേര സംഭരണം കേരഫെഡിന്റെ സഹകരണത്തോടെയാണ് നടത്തുന്നത്. ടി പദ്ധതി പ്രകാരം സംഭരിക്കുന്ന പച്ചനാളികേരം കൊപ്രയാക്കുന്നതിനു പുറമേ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിലൂടെ ഉല്പന്നങ്ങൾക്ക് ഉയർന്ന വില ലഭിക്കുന്നു. അങ്ങനെ നാളികേരത്തിന്റെ ഉപയോഗം വർദ്ധിക്കുകയും വിപണിയിൽ കർഷകർക്ക് ആകർഷകമായ വില ലഭിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം? | (സി) | കേരഫെഡ് മുഖേനയാണ് നാളികേര മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണിയിലെത്തിക്കുന്നത്.<br>നാളികേര വികസന ബോർഡ് വഴി നടപ്പിലാക്കുന്ന ടെക്നോളജി മിഷൻ പദ്ധതി പ്രകാരം നാളികേര സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് പുറമെ നിലവിലുള്ള യൂണിറ്റുകൾ വികസിപ്പിക്കുന്നതിനും ആധുനീകരിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും 25% പരമാവധി 50 ലക്ഷം രൂപ എന്ന കണക്കിൽ സഹായം നൽകുന്നുണ്ട്. ടി പദ്ധതികൾക്ക് കൃഷി വകുപ്പിൽ നിന്നും 25 ശതമാനം സബ്സിഡി പരമാവധി 25 ലക്ഷം രൂപ നൽകുന്നതിനായി 2 കോടി രൂപയുടെ പദ്ധതി (2012-13) സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന നടപ്പിലാക്കി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**